(സി) ഈ വർഷം ഏതൊക്കെ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യന്ത്രത്തറി യൂണിറ്റുകൾ - 100

കൈത്തറികൾ - 100

വസ്ത്ര നിർമ്മാണ യൂണിറ്റുകൾ - 100

(സി) വയനാട് ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

52 (1278) വികലാംഗക്ഷേമം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ 'ദി പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (ഈകുൽ ഓപ്പർച്യൂണിറ്റീസ്, പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആന്റ് ഫുൾ പാർട്ടിസിപ്പേഷൻ) ആക്ട് 1995 പ്രകാരം വികാലാംഗരുടെ ക്ഷേമത്തിന് സംസ്ഥാനം എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്;

(ബി) ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇനിയും എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്; എന്നേക്ക് നടപടി പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (ഈകുൽ ഓപ്പർച്യൂണിറ്റീസ്, പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആന്റ് ഫുൾ പാർട്ടിസിപ്പേഷൻ) നിയമം 1995 പ്രകാരം സംസ്ഥാന ഗവൺമെന്റ് താഴെ പറയുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

1. അംഗവൈകല്യം ഉണ്ടാകുന്നതു തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. അംഗവൈകല്യമുള്ള കുട്ടികൾക്ക് 18 വയസ്സുവരെ സൗജന്യമായി വിദ്യാഭ്യാസം നൽകുക.

3. വികലാംഗർക്ക് വൈകല്യത്തിന്റെ അടിസ്ഥാനത്തിൽ ജോലി സംവരണം നൽകുക.

4. വികലാംഗർക്കുവേണ്ടിയുള്ള സഹായ ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതികളെ രൂപീകരിക്കുക.

5. വികലാംഗർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

6. മേൽപ്പറഞ്ഞ നിയമപ്രകാരം വികലാംഗക്ഷേമ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും ഇതിനായി ചെലവഴിക്കുന്ന തുകകൾ മോണിട്ടർ ചെയ്യുന്നതിനും ഒരു സംസ്ഥാന കമ്മിഷണറെ നിയമിക്കുക.

7. ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ് കോ-ഓർഡിനേഷൻ/സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റികൾ രൂപീകരിക്കുക.

8. നിയമത്തിനനുസൃതമായ ചട്ടങ്ങൾ ഉണ്ടാക്കി സംസ്ഥാനത്ത് നടപ്പിൽ വരുത്തുക.

(ബി)&(സി) വികലാംഗർക്കായി ഈ നിയമത്തിൽ വ്യവസ്ഥചെയ്യുന്ന പരിരക്ഷകളും ആനുകൂല്യങ്ങളും ഇപ്പോൾത്തന്നെ ബന്ധപ്പെട്ട വകുപ്പുകൾവഴി ഇവർക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഈ ആനുകൂല്യങ്ങൾ നൽകുന്ന വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഒരു സംസ്ഥാന കമ്മിഷണറെ നിയമിച്ചു കഴിഞ്ഞു. ഉദ്യോഗസ്ഥ/അനുദ്യോഗസ്ഥ അംഗങ്ങൾ പ്രതിനിധാനം ചെയ്യുന്ന സംസ്ഥാന ഏകോപന സമിതി, സംസ്ഥാന കാര്യ നിർവ്വഹണ സമിതി എന്നിവ രൂപീകരിച്ചു. വികലാംഗർക്ക് സർക്കാർ സർവ്വീസിലെ ക്ലാസ് 3, 4 വിഭാഗം തസ്തികകളിലെ ഒഴിവുകളിൽ 3 ശതമാനം സംവരണം ഏർപ്പെടുത്തി ഉത്തരവു പുറപ്പെടുവിച്ചു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള ചട്ടങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഡിസ് എബിലിറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരടു ചട്ടങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് ടി ചട്ടങ്ങൾ സംസ്ഥാനത്തു നടപ്പാക്കുന്നുണ്ട്.

53 (1279) സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റേയും ധന സഹായത്തോടെ സ്വയം തൊഴിൽ വായ്പ നൽകുന്നു.

2. പൊതുവിഭാഗത്തിനുള്ള സ്വയംതൊഴിൽ വായ്പ നൽകുന്നു.

3. വനിതാ സംഘടനകൾക്കും വനിതാ സഹകരണ സംഘങ്ങൾക്കും സ്വയം തൊഴിൽ വായ്പകൾ നൽകുന്നു.

4. സാങ്കേതിക പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly